ക്രൂശിതനാമെൻ യേശു എനിക്കായ്
അനുവദിച്ച – ക്രൂശെ വഹിക്കുന്നു ഞാൻ
എനിക്കെൻറെ യേശുമതി...
എൻ യേശുവിൻ പാത മതി

നാൾതോറും എൻ ക്രൂശുവഹിച്ചു ഞാൻ പോകും നാഥൻറെ കാൽപാടുകളിൽ ഞാൻ നടക്കും
ലോകസുഖം വേണ്ട, ഈ മായാലോകം വേണ്ട
ലോകം തരും സ്ഥാനം വേണ്ട, നാഥൻറെ പാത മതി
പരുപരുത്ത പാറപ്പുറങ്ങളിലൂടെ
കൂരിരുൾ മൂടിയ താഴ്വരകളിലും
പോകും ഞാൻ ഗുരുവിൻ പിൻപേ
മതിയെന്നു ചൊല്ലുവോളം
ക്രൂശിത....

ഓട്ടം തികയ്ക്കണം എൻ വിളിക്കൊത്തതാൽ
നല്ല ദാസൻ എന്ന പേർവിളി കേൾക്കണം
ലോകസുഖം വേണ്ട, ഈ മായാലോകം വേണ്ട
ലോകം തരും സ്ഥാനം വേണ്ട, നാഥൻറെ പാത മതി
പിന്നിൽനിന്നുയരും തേങ്ങലുകൾക്കോ
മുന്നിൽ എതിരായ് വരും ആയുധങ്ങൾക്കോ
സാധ്യമല്ലൊരുനാളും എന്നെ
ക്രിസ്തുവിൽ നിന്നകറ്റാൻ
ക്രൂശിത....
ആത്മസഖാവവൻ മാർവ്വിൽ ഞാനമരും
വചനസുധാമൃതം ആവോളം നുകരും
ലോകസുഖം വേണ്ട, ഈ മായാലോകം വേണ്ട
ലോകം തരും സ്ഥാനം വേണ്ട, നാഥൻറെ പാത മതി
വീരന്മാർ വീണതാം വഴികളിലൂടെ
നിഹതന്മാർ നിണം വീണ പാതയിൽ തനിയെ
പോർവീരനായ് ഞാൻ പൊരുതും, എന്നും
പതറാതെ പിൻഗമിക്കും.
ക്രൂശിത....
kroosithanaamen yesu enikkaay
anuvadichchakroose vahikkunnu njaan
enikkente yesumathi
en yesuvin paatha mathi

naalthorrum en kroosuvahichchu njaan pokum naathhante kaalpaatukalil njaan natakkum
lokasukham venta, ee maayaalokam venta
lokam tharum sthhaanam venta, naathhante paatha mathi
paruparuththa paarrappurrangngaliloote
koorirul mootiya thaazhvarakalilum
pokum njaan guruvin pinpe
mathiyennucholluvolam kroositha....

ottam thikaykkanam en vilikkoththathaal
nalla daasan enna pervili kelkkanam
lokasukham venta, ee maayaalokam venta
lokam tharum sthhaanam venta, naathhante paatha mathi

pinnilninnuyarum thengngalukalkko
munnil ethiraay varum aayudhangngalkko
saadhyamallorunaalum enne
kristhuvil ninnakataan kroositha....

aathmasakhaavavan maarvvil njaanamarum
vachanasudhaamrtham aavolam nukarum
lokasukham venta, ee maayaalokam venta
lokam tharum sthhaanam venta, naathhante paatha mathi
veeranmaar veenathaam vazhikaliloote
nihathanmaar ninam veena paathayil thaniye
porveeranaay njaan poruthum, ennum
patharraathe pingamikkum kroositha....2